REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 28-09-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ മരിച്ച കോഴിക്കോട്ടെ അർജുന്റെ ഭൗതികാവശിഷ്ടങ്ങൾ അൽപസമയത്തിനകം കണ്ണാടിക്കലിലെ വീട്ടിലെത്തിക്കും.
- ഈ വർഷത്തെ ആഗോള ഇന്നൊവേഷൻ സൂചികയിൽ ഇന്ത്യ 39-ാം സ്ഥാനത്തേക്ക് ഉയർന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി
- ആയുഷ് മാൻ ഭാരത് ഡിജിറ്റൽ ദൗത്യത്തിന് മൂന്ന് വർഷം പൂർത്തിയായി.
- 70-ാമത് നെഹ്റു ട്രോഫി വള്ളംകളി ഉച്ചകഴിഞ്ഞ് പുന്നമടകായലിൽ മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.
- കാൺപൂരിൽ ഇന്ത്യയ്ക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ബംഗ്ലാദേശ് മൂന്നിന് 107 എന്ന നിലയിൽ ഇന്ന് ഇന്നിങ്സ് പുനരാരംഭിക്കും.
-

## വാർത്തകൾ വിശദമായി

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ മരിച്ച കോഴിക്കോട് സ്വദേശി അർജുന്റെ ഭൗതികാവശിഷ്ടങ്ങൾ അൽപസമയത്തിനകം കണ്ണാടിക്കലിലെ വീട്ടിലെത്തിക്കും. ജില്ലാഅതിർത്തിയായ അഴിയൂരിൽ മന്ത്രി A.K. ശശീന്ദ്രന്റെ നേതൃത്വത്തിൽ മൃതദേഹം ഏറ്റുവാങ്ങി.

.........ഡെസ്ക് റിപ്പോർട്ട്......

(വോയ്സ്................ )

കോഴിക്കോട് പൂളാടിക്കുന്ന് മുതൽ കണ്ണാടിക്കലിലെ  വീടു വരെ വിലാപ യാത്രയായി എത്തിക്കുന്ന അർജുന്റെ മൃതദേഹം ഒരു മണിക്കൂർ പൊതുദർശനത്തിനു വെച്ച ശേഷം 11 മണിയോടെ വീട്ടുവളപ്പിൽ സംസ്കരിക്കും.

പുലർച്ചെ രണ്ടരയോടെ കാർവാറിൽനിന്ന് മൃതദേഹവുമായി ആംബുലൻസ് കാസർക്കോട്ടെത്തിയപ്പോൾ ജില്ലാ കലക്ടറും ജില്ലാ പൊലീസ് മേധാവിയും ഉൾപ്പെടെ നിരവധി പേർ അന്തിമോപചാരമർപ്പിച്ചു. രക്ഷാദൗത്യത്തിന് നേതൃത്വം നൽകിയ കാർവാർ MLA സതീശ് കൃഷ്ണ സെയിലും മുങ്ങൽവിദഗ്ധൻ ഈശ്വർ മാൽപെയും ആംബുലൻസിനെ അനുഗമിക്കുന്നുണ്ട്.

DNA പരിശോധന ഫലം പുറത്തുവന്നതിനു പിന്നാലെ ഇന്നലെ വൈകിട്ടോടെ സഹോദരൻ അഭിജിത്തും അർജുന്റെ സഹോദരീ ഭർത്താവ് ജിതിനും ചേർന്നാണ് മൃതദേഹം ഏറ്റുവാങ്ങി.

✪✪✪

ഈ വർഷത്തെ ആഗോള ഇന്നൊവേഷൻ സൂചികയിൽ ഇന്ത്യ മുപ്പത്തൊന്‍പതാം സ്ഥാനത്തേക്ക് ഉയർന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി അറിയിച്ചു. 133 ആഗോള സമ്പദ് വ്യവസ്ഥകളുടെ പ്രകടനം വിലയിരുത്തിയാണ് രാജ്യം ഈ നേട്ടം കൈവരിച്ചത്. 2015 ൽ 81 ആം സ്ഥാനത്തായിരുന്നു ഇന്ത്യ.

മധ്യ ദക്ഷിണേഷ്യൻ സമ്പദ്‌വ്യവസ്ഥകളിൽ ഇന്ത്യ ഒന്നാം സ്ഥാനത്താണെന്നും പ്രധാനമന്ത്രി സാമൂഹ്യമാധ്യമപോസ്റ്റിൽ കുറിച്ചു.

✪✪✪

പ്രമുഖ ജൈവ കർഷകയും പദ്മശ്രീ ജേതാവുമായ പാപ്പമ്മാളിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം അറിയിച്ചു. കാർഷിക മേഖലയിൽ  പ്രത്യേകിച്ച് ജൈവ കൃഷിയിൽ  പാപ്പമ്മാൾ വ്യക്തി മുദ്ര പതിപ്പിച്ചതായും അവരുടെ വിനയവും ദയയും എന്നും ഓർമ്മിക്കപ്പെടുമെന്നും പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

കോയമ്പത്തൂർ ജില്ലയിലെ തെക്കുംപട്ടി സ്വദേശിയായ പാപ്പമ്മാൾ ഇന്നലെയാണ് വാർധക്യ സഹജമായ അസുഖത്തെ തുടർന്ന്  അന്തരിച്ചത്. അവർക്ക് 109 വയസ്സായിരുന്നു.

✪✪✪

ആയുഷ് മാൻ ഭാരത് ഡിജിറ്റൽ ദൗത്യത്തിന് ഇന്നലെ  മൂന്ന് വർഷം പൂർത്തിയായി. 67 കോടിയിൽ പരം ആയുഷ്മാൻ ഭാരത് ഹെൽത്ത്

അക്കൗണ്ടുകൾ ഇതിനകം ആരംഭിക്കാൻ കഴിഞ്ഞതായി ആരോഗ്യമന്ത്രാലയം അറിയിച്ചു. 42 കോടിയിലേറെ ആരോഗ്യ രേഖകൾ ABH അക്കൗണ്ടുകളുമായി ലിങ്ക് ചെയ്യാൻ സാധിച്ചുവെന്നും അറിയിപ്പിൽ പറയുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണി പ്രക്ഷേപണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 ന്. ആകാശവാണിയുടെയും ദൂരദർശന്റെയും ശൃംഖലകളിൽ പരിപാടി കേൾക്കാം. തുടർന്ന് പ്രാദേശിക പരിഭാഷയും ഉണ്ടായിരിക്കും.

✪✪✪

കേരളത്തിലെ മികച്ച ടൂറിസം ഗ്രാമ ദേശീയപുരസ്കാരത്തിന് കുമരകവും കടലുണ്ടിയും അർഹമായി. കടലുണ്ടിയ്ക്ക് ബെസ്റ്റ് റെസ്പോൺസിബിൾ ടൂറിസം വില്ലേജ് അവാർഡും കുമരകത്തിന് ബെസ്റ്റ് അഗ്രി ടൂറിസം വില്ലേജ് പുരസ്കാരവുമാണ് ലഭിച്ചത്. കേരളാ ടൂറിസത്തിന് ഈ വർഷം ലഭിക്കുന്ന രണ്ടാമത്തെ പ്രധാന ദേശീയ അംഗീകാരമാണിത്.

ന്യൂഡൽഹി വിജ്ഞ്യാൻ ഭവനിൽ നടന്ന ചടങ്ങിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറിന്റെ സാന്നിദ്ധ്യത്തിൽ കേന്ദ്ര മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത് പുരസ്കാരങ്ങൾ സമ്മാനിച്ചു.

✪✪✪

കേരളത്തിൽ ആദ്യമായി, പാസ്പോർട്ട് അപേക്ഷകളുടെ നടപടിക്രമങ്ങൾ വേഗത്തിൽ ആക്കുന്നതിന്, ബയോമെട്രിക് ക്യാപ്ചറിംഗ് ഉപകരണങ്ങൾ ഘടിപ്പിച്ച മൊബൈൽ പാസ്പോർട്ട് വാൻ ഇന്നും നാളെയും വയനാട് മേപ്പാടിയിൽ പാസ്പോർട്ട് ക്യാമ്പ് സംഘടിപ്പിക്കും. ഗ്രാമപഞ്ചായത്ത് ഓഫീസിലാണ് പ്രത്യേക ക്യമ്പ്.

പ്രായമായവർക്കും ഭിന്നശേഷിക്കാർക്കും മണ്ണിടിച്ചിൽ ദുരന്തത്തിൽപ്പെട്ടവർക്കും വാതിൽപ്പടി സേവനം ലഭ്യമാക്കുകയാണ് ക്യാമ്പിന്റെ ലക്ഷ്യം. 100-ലേറെ അപേക്ഷകർക്ക് പാസ്പോർട്ട് സേവനങ്ങൾ ക്യാമ്പിൽ ലഭ്യമാക്കും.

✪✪✪

തിരുവനന്തപുരത്ത് വീണ്ടും അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. നാവായിക്കുളം സ്വദേശിയായ പ്ലസ് ടു വിദ്യാർത്ഥിയ്ക്കാണ് രോഗം ബാധിച്ചത്. കഴിഞ്ഞ ദിവസം കുളത്തിൽ കുളിച്ചതിനെത്തുടർന്നാണ് രോഗബാധയുണ്ടായതെന്ന് സംശയിക്കുന്നു. ഇയാൾ തിരുവനന്തപുരം

മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. ഒപ്പം കുളിച്ച രണ്ട് പേർ നിരീക്ഷണത്തിലുണ്ട്.

✪✪✪

തൃശൂർ നഗരത്തിലെ ആകാശപ്പാത രണ്ടാംഘട്ടം മന്ത്രി MB രാജേഷ് നാടിന് സമർപ്പിച്ചു. കേന്ദ്രഗവൺമെന്റിന്റെ അമൃത് പദ്ധതിയിൽ അൻപത് ശതമാനം കേന്ദ്രഫണ്ടോടെയാണ് ആകാശപ്പാത നിർമ്മിച്ചത്. റോഡ് മുറിച്ചുകടക്കാതെ നഗരത്തിലെ പ്രമുഖ കേന്ദ്രങ്ങളിലെല്ലാം പൊതുജനങ്ങൾക്ക് എത്തിച്ചേരാൻ ബദൽസംവിധാനം എന്ന നിലയിലാണ് ആകാശപ്പാത ഒരുക്കുന്നത്.

ഇന്ത്യയിൽ തൃശൂർ നഗരത്തിൽ മാത്രമാണ് ഇത്തരമൊരു ആകാശപ്പാത നിർമ്മിച്ചിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. നാല് പ്രവേശനകവാടങ്ങളും ലിഫ്റ്റുകളും സൗരോർജ്ജവൈദ്യുതിയും CCTV സുരക്ഷാ സംവിധാനവും ആകാശപ്പാതയിൽ ഒരുക്കിയിട്ടുണ്ട്. മന്ത്രി K രാജനും സമർപ്പണചടങ്ങിൽ പങ്കെടുത്തു.

✪✪✪

കോഴിക്കോട് കേസരിഭവനിലെ നവരാത്രി ആഘോഷ പരിപാടികൾ ഒക്ടോബർ മൂന്നിന് രാവിലെ ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ ഉദ്ഘാടനം ചെയ്യും. ഒക്ടോബർ ഒന്നിനു വൈകിട്ട് സരസ്വതീമണ്ഡപത്തിലെ പൂജകളോടെ 13 വരെനീളുന്ന ആഘോഷപരിപാടികൾ ആരംഭിക്കും.

ഗോവ ഗവർണർ PS. ശ്രീധരൻ പിള്ള, കേന്ദ്രമന്ത്രി ജോർജ് കുര്യൻ, കാലടി ശ്രീശങ്കര സർവകലാശാല വൈസ് ചാൻസലർ ഡോ. KK. ഗീതകുമാരി, കൊളത്തൂർ അദ്വൈതാശ്രമം മഠാധിപതി സ്വാമി ചിദാനന്ദപുരി, J. നന്ദകുമാർ തുടങ്ങിയ പ്രമുഖർ പ്രഭാഷണം നടത്തും.

ഒക്ടോബർ 4ന് വൈകിട്ട് സാംസ്കാരിക സദസ്സ് കവിയും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി ഉദ്ഘാടനം ചെയ്യും.

കല-സാഹിത്യ-സംസ്കാരിക മേഖലകളിലെ സമഗ്ര സംഭാവനയ്ക്കു നൽകുന്ന സർഗ്ഗപ്രതിഭാ പുരസ്കാരം പിന്നണി ഗായിക വൈക്കം വിജയലക്ഷ്മിക്ക് ഒക്ടോബർ 12ന് സമ്മാനിക്കും.

✪✪✪

70-ാമത് നെഹ്റു ട്രോഫി വള്ളംകളി ഇന്ന്. ഉച്ചകഴിഞ്ഞ് പുന്നമടകായലിൽ മേള മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. കഴിഞ്ഞ മാസം 10 ന് നടക്കേണ്ടിയിരുന്ന വള്ളംകളി വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ

ഇന്നത്തേക്ക് മാറ്റുകയായിരുന്നു. ഒൻപത് വിഭാഗങ്ങളിൽ 74 വള്ളങ്ങൾ ഇക്കുറി നെഹ്റു ട്രോഫിയിൽ മത്സരിക്കും.

✪✪✪

കാൺപൂരിൽ ഇന്ത്യയ്ക്കെതിരായ രണ്ടാം ടെസ്റ്റ് ക്രിക്കറ്റിന്റെ ഒന്നാം ഇന്നിങ്സിൽ മൂന്ന് വിക്കറ്റിന് 107 റൺസ് എന്ന നിലയിൽ ബംഗ്ലാദേശ് രണ്ടാം ദിവസം ഇന്ന് ഇന്നിങ്സ് പുനരാരംഭിക്കും. കനത്ത മഴയെത്തുടർന്ന് ഇന്നലെ ഉച്ചയ്ക്ക് കളി നിർത്തിവെച്ചിരുന്നു.

ഇന്ത്യയ്ക്കായി ആകാശ് ദീപ് രണ്ടും രവിചന്ദ്രൻ അശ്വിൻ ഒരു വിക്കറ്റും നേടി. ടോസ് നേടിയ ഇന്ത്യ ബംഗ്ലാദേശിനെ ബാറ്റിങ്ങിനയക്കുകയായിരുന്നു.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോളിൽ നാലാം റൗണ്ടിലെ അവസാന മത്സരത്തിൽ ഫോഴ്സ കൊച്ചി തിരുവനന്തപുരം കൊമ്പൻസിനെ തോൽപ്പിച്ചു. കൊച്ചി കലൂർ നെഹ്റു സ്റ്റേഡിയത്തിൽ ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ഫോഴ്സ വിജയിച്ചത്.

✪✪✪

സംസ്ഥാനത്ത് ഇന്നു മുതൽ ഇടിമിന്നലോട് കൂടിയ വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംത്തിട്ട, ഇടുക്കി, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

✪✪✪

ഇന്ത്യയുടെ ചരിത്രത്തോട് പൂർണ്ണമായും പ്രതിബന്ധത പുലർത്തിയ ചരിത്രകാരനാണ് ഡോ MGS നാരായണൻ എന്ന് ഗോവ ഗവർണർ PS ശ്രീധരൻ പിള്ള പറഞ്ഞു. തപസ്യ കലാ സാഹിത്യ വേദിയുടെ പതിനാലാമത് സഞ്ജയൻ പുരസ്ക്കാരം കോഴിക്കോട്ട് MGSന് സമ്മാനിക്കുകയായിരുന്നു ശ്രീധരൻപിള്ള.

✪✪✪

കൊച്ചി റിഫൈനറിയുടെ പെട്രോളിയം പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന ജോലികൾ നടക്കുന്നതിനാൽ എറണാകുളം ദർബാർ ഹാൾ റോഡിൽ ഇന്നു മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി.

ജോസ് ജംഗ്ഷൻ ഭാഗത്ത് നിന്ന് ദർബാർ ഹാൾ റോഡ് വഴി ഗതാഗതം നിരോധിച്ചു. വാഹനങ്ങൾ വഴിതിരിച്ച് വിട്ടിട്ടുണ്ട്.

✪✪✪

സ്വച്ഛത ഹി സേവാ, മാലിന്യമുക്തം നവകേരളം ക്യാമ്പയിനുകളുടെ ഭാഗമായി കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ രണ്ടു ദിവസത്തെ മാലിന്യ സംസ്കരണ ഉപാധികളുടെ പ്രദർശനം ആരംഭിച്ചു. ജില്ലാ ശുചിത്വമിഷനാണഅ റെയിൽവേയുടെ സഹകരണത്തോടെ പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

വയനാട് പൂക്കോട് വെറ്ററിനെറി സർവകലാശാലാ വിദ്യാർത്ഥി സിദ്ധാർത്ഥിന്റെ മരണവുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായിരുന്ന രണ്ട് ഉദ്യോഗസ്ഥരെ തിരിച്ചെടുക്കാനെടുത്ത തീരുമാനം ഗവർണർ മരവിപ്പിച്ചു. മുൻ ഡീൻ, അസിസ്റ്റന്റ് വാർഡൻ എന്നിവരെ തിരിച്ചെടുക്കാൻ മാനേജിംഗ് കൗൺസിൽ തീരുമാനിച്ചിരുന്നു.

✪✪✪

ഇന്ന് ലോക ഹരിത ഉപഭോക്തൃദിനം. വസ്തുക്കളുടെ പുനരുത്പാദനവും പുനരുപയോഗവും മിതമായ ഉപയോഗവും സംബന്ധിച്ച അവബോധം സൃഷ്ടിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. രാവിലെ തിരുവനന്തപുരം പട്ടം ലീഗൽ മെട്രോളജി ഭവനിൽ മന്ത്രി GR അനിൽ ദിനാചരണം ഉദ്ഘാടനം ചെയ്യും.

✪✪✪

ജവഹർലാൽ നെഹ്റു നാഷണൽ ലീഗൽ ആന്റ് സോഷ്യൽ ഫോറവും, നാഷണൽ ഹ്യൂമൺ റൈറ്റ്സ് ആന്റ് എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ഫോറവും ചേർന്ന് സംഘടിപ്പിച്ച ദേശീയ സംവാദം കോഴിക്കോട്ട് പ്രതിപക്ഷ നേതാവ് VD സതീശൻ ഉദ്ഘാടനം ചെയ്തു.

ഇന്ത്യയുടെ സ്വാതന്ത്ര്യ സമരം രാഷ്ട്രീയത്തിലുപരി സാമൂഹ്യ നീതിക്ക്കൂടി നടത്തിയ പോരാട്ടമായിരുന്നുവെന്ന് സതീശൻ അഭിപ്രായപ്പെട്ടു.

✪✪✪